# പ്രദർശനഭ്രമം മത്സരങ്ങളാൽ സമൃദ്ധം

## ഡോ. നന്ദകുമാർ

രണ്ടു വൃദ്ധന്മാർ തമ്മിലുള്ള സംഭാഷണം. ഒരാൾ അപരനോട്:

"എന്തൊരു കലികാലവൈഭവം! അല്ലാതെന്തു പറയാൻ! കാലം പോയ പോക്കേ!"

"മൂപ്പീന്ന് എന്താ പറഞ്ഞു വരുന്നത്? തെളിച്ചു പറയൂന്നേ."

"എടോ, ഭക്ഷ്യക്ഷാമം ചില വികസ്വരരാജ്യങ്ങളിൽ രൂക്ഷമാണെന്നു കേട്ടിട്ടുണ്ട്. എന്നാൽ വികസിതരാജ്യങ്ങളിൽ വസ്ത്രക്ഷാമം കൊണ്ട് ആളുകൾ, പ്രത്യേകിച്ചും സ്ത്രീജനങ്ങൾ, സുഭിക്ഷമായി അല്പവസ്ത്രധാരികളായി വരുന്നുണ്ട് എന്നൊരു വാർത്ത കാണാനിടയായി. നിയമം അനുശാസിക്കുന്നതുകൊണ്ടു മാത്രം ഇക്കൂട്ടർ ദിഗംബരികളാകുന്നില്ലെന്നേയുള്ളൂ."

"അല്ലെങ്കിലും മൂപ്പീന്ന് ഈ പരിഷ്കാരങ്ങൾക്കൊക്കെ ഒരു ചാക്രികപരിവർത്തനമുള്ളതായി കേട്ടിട്ടില്ലേ? ആദിമമനുഷ്യർ നഗ്നരായല്ലേ ഓടിച്ചാടി വേട്ടയാടി ജീവിതം കഴിച്ചിരുന്നത്. പിന്നീടുണ്ടായിട്ടുള്ള പുരോഗമനം പറയേണ്ടതില്ലല്ലോ. ഇനിയിപ്പോൾ വീണ്ടും ആദ്യകാലത്തേക്കുള്ളൊരു ഒരുപ്പോക്കാണെന്നു വെച്ചോളൂ."

"എടോ, നമ്മളൊക്കെ കൊച്ചുകുട്ടികളായിരുന്നപ്പോൾ കാതിൽ കടുക്കൻ ധരിച്ചിരുന്നില്ലേ? ഇടക്കു വെച്ച് നിന്നു പോയത്, ഇപ്പോൾ ഒരു കാതിലും രണ്ടുകാതിലുമൊക്കെയായി ഒരു തിരിച്ചുവരവു കണ്ടില്ലേ നമ്മൾ? അങ്ങനെ പലതും."

"അല്ലേലും ഈ പരിഷ്കാരം എന്നൊക്കെപ്പറയുന്നത് പണ്ടാരാണ്ടു പറഞ്ഞ പോലെ, 'മുമ്പേ ഗമിച്ചീടിന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം', അത്രേ ഉള്ളൂ. ഒരാള് ഒരു ദിക്കിൽ ഒരു കോപ്രാട്ടിത്തരം കാട്ടിയാൽ (വസ്ത്രധാരണം, തലമുടി, താടി, മീശ, കൃതാവ്, ഭാഷാപ്രയോഗം, ഭക്ഷണം) വൃദ്ധരും ചെറുപ്പക്കാരും കുട്ടികളും പണ്ഡിതരും പാമരരും ധനാഢ്യരും പാവപ്പെട്ടവരും ഒരുപോലെ ആഗോളതലത്തിൽ അനുകരിക്കാൻ തയ്യാർ. ഇനി പറഞ്ഞുവന്ന മൂലത്തിലേക്ക്. ഇയ്യാള് നമ്മുടെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ താരനിശകൾ ഇവിടത്തെ ഗോൾഡൻ ഗ്ലോബ്, എമ്മി, ഓസ്കാർ എന്നീ രാവുകൾ വല്ലതും കണ്ടിട്ടുണ്ടോ?"

"ഞാനീ വകയൊന്നും നോക്കുക പോലുമില്ലെന്നു തനിക്കറിഞ്ഞുകൂടേ?"

"ഇപ്പറഞ്ഞതു നേരോ മൂപ്പീന്നേ? പൂച്ച കണ്ണടച്ചു പാലു കുടിക്കുന്ന പോലൊന്നുമല്ലല്ലോ? താൻ കണ്ടില്ലെങ്കിൽ പോട്ടെ. ഞാൻ കണ്ട വിവരം ഒന്നു വർണിക്കട്ടെ. സുന്ദരിപ്പട്ടത്തിനുള്ള മത്സരങ്ങൾ ഇല്ലാത്ത സൗന്ദര്യം കൂടി പ്രദർശിപ്പിക്കാനാകകൊണ്ട് തൽക്കാലം പറഞ്ഞുവരുന്ന കാര്യത്തിൽ നിന്ന് ഒഴിവാക്കാം. ഈ സമ്മാനദാനച്ചടങ്ങുകളിൽ ആണുങ്ങൾ സൂട്ടും കോട്ടും ധരിച്ച് സുന്ദരക്കുട്ടന്മാരായി വരുമ്പോൾ ചില സ്ത്രീജനങ്ങൾ മാത്രം

വസ്ത്രം ഉണ്ടോ എന്നു ചോദിച്ചാൽ ഉണ്ട്. അതുമല്ലെങ്കിൽ, സുതാര്യമായ വല്ലതുമണിഞ്ഞ്, ഉടുപ്പണിഞ്ഞിട്ടുണ്ടോ എന്നു ശങ്ക തോന്നിപ്പിക്കും വിധം ദൈവം കനിഞ്ഞനുഗ്രഹിച്ചതൊക്കെ, വടിവും മുഴുമുഴുപ്പമടക്കം പ്രദർശിപ്പിക്കാനുള്ള മത്സരത്തിലാണ്. അവയൊന്നുമില്ലാത്തവരും ഒട്ടും പുറകിലല്ല കേട്ടോ. പ്രദർശനങ്ങൾ പല തരമുണ്ടെങ്കിലും അക്കമിട്ടു പ്രസ്താവിക്കുന്നില്ല. ഏത്തു ശരീരാവയവമമയാലും ശരി, കറുത്തതു മറച്ച്, വെളുത്തതു മാത്രം പ്രദർശിപ്പിച്ചാൽ നിയമക്കുരുക്കിൽ നിന്നു രക്ഷപ്പെടാമെന്നൊന്നുണ്ട്. അതുമല്ലെങ്കിൽ, ചില അവയവങ്ങളെ വളരെ കുടുസ്സായ വസ്ത്രങ്ങൾക്കുള്ളിൽ ശ്വാസം മുട്ടിക്കും വിധം അമർത്തിവെച്ച്, കാണികൾക്കു പോലും അസ്വസ്ഥത ജനിപ്പിക്കും. അല്ലെങ്കിലോ, ശരീരവടിവും കൊഴുകൊഴുപ്പും, ശരീരഭൂമിശാസ്ത്രത്തിലെ കുന്നും താഴ്‌വരയും മാലോകരേ, ഇതാ കണ്ടോ എന്നു വിളംബരം ചെയ്യുമാറുള്ള പ്രദർശനവും. ഒരു സദസ്സിൽ ....ക്കച്ച പോലുമില്ലാതെ, നാടപോലുള്ളൊരു ചെറുപട്ട കൊണ്ടു മറച്ചിട്ട്, ലജ്ജയാലോ അനുസരണക്കേടിനാലോ അവയവം വില്ലംഘിച്ചു തെന്നി മാറുമ്പോൾ നാലാളു കാൺകെ അതു നേരേയാക്കാനുള്ള പെടാപ്പാട് വിചിത്രം തന്നെ.”

അപ്പോൾ തൈക്കിളവൻ മൊഴിഞ്ഞു: “ഞാൻ ഉളിഞ്ഞുനോക്കാനൊന്നും പോകാറില്ല. പക്ഷേങ്കില്, ആരെങ്കിലും ഇന്നാ കണ്ടോന്നും പറഞ്ഞ് പ്രദർശിപ്പിച്ചാൽ കണ്ടില്ലെന്നു നടിക്കാൻ ഞാനൊരു മഹർഷിയൊന്നുമല്ല കേട്ടോ.”

ന്യൂയോർക്കിലെ കേളികേട്ട സ്ക്വയറിലെ ഈ വർഷത്തെ പുതുവർഷപ്പുലരിയാഘോഷവേളയിൽ പേരു കേട്ട ഒരു പാട്ടുകാരിയുടെ വേഷവിധാനം കാണാനിട വന്നവർ മൂക്കത്തു വിരൽ വെച്ചു കാണണം.

ഇതിനൊക്കെ ഉത്തരവാദി ആര്?

പുരുഷമേധാവിത്വമുള്ള സമൂഹത്തിന്റെ മാത്രം കൂടപ്പിറപ്പാണോ ബലാൽസംഗവും സദാചാരലംഘനവും മറ്റും? പ്രലോഭനങ്ങളും പ്രകോപനങ്ങളും വികലമനസ്സുകളെ മാത്രമല്ല, മനസ്സംയമനം വരുത്തിയ മുനിവര്യരുടെ മനം പോലും മഥിച്ചും ഇളക്കിമറിച്ചും വഴി പിഴപ്പിക്കാമെന്നിരിക്കെ, എന്തിനാണീ ചൂഷണചെപ്പടിവിദ്യകൾ?

എല്ലാവിധ പരസ്യങ്ങൾക്കും എന്തിനു സ്ത്രീശരീരം വില്പനച്ചരക്കാവുന്നു? സോപ്പുചീപ്പുകണ്ണാടി പോയിട്ട്, കാറു മുതൽ നിരവധി സാമഗ്രികളുടെ വില്പനപ്പരസ്യങ്ങളിലും എന്തുകൊണ്ടു സ്ത്രീശരീരം പ്രദർശിപ്പിക്കപ്പെടുന്നു? വശീകരണശക്തി മുതലെടുത്ത് വില്പനയ്ക്കുള്ള കുതന്ത്രങ്ങൾ എന്തിനു മിനയുന്നു? സിനിമയിലായാലും വിപണനത്തിനുള്ള പരസ്യതന്ത്രങ്ങളിലായാലും മഹിളകളെന്തേ രാസത്വരകവർദ്ധനയ്ക്കെന്നോണം സ്വയം ഇരകളാകുന്നു അല്ലെങ്കിൽ ഇരകളാക്കപ്പെടുന്നു? പണത്തിനു മീതെ പരുന്തും പറക്കില്ലെങ്കിലും വസ്ത്രങ്ങൾ പാറിപ്പറക്കുന്നുണ്ട്, പറത്തപ്പെടുന്നുണ്ട്, പറത്തിക്കപ്പെടുന്നുണ്ട്. അതുകൊണ്ടല്ലേ, ഉപഭോക്താക്കളും കൂട്ടിക്കൊടുപ്പുകാരും ചൂഷണവലയവും

ഉൾപ്പെട്ടുകൊണ്ടുള്ള ലോകത്തിലെ ഏറ്റവും പഴക്കമുള്ള വേശ്യാവ്യവസായവും 'ചെന്തെരുവും' ഇന്നും നിലനിന്നുപോരുന്നത്!

"കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ച
കാവ്യഭാവനേ, അഭിനന്ദനം, അഭിനന്ദനം!!"

മൂപ്പീന്നുമാരിരുവരും ചിന്തനീയം, അതീവ ചിന്തനീയം എന്ന് ഉരുവിട്ടു. ഇതുമൊരു വനരോദനം എന്നു പറഞ്ഞവർ പിരിഞ്ഞുപോയി.

---